# കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ:- സുരേന്ദ്രൻ. എൻ)

വിഷയം:- ജീവനക്കാര്യം- കോഴിക്കോട് ജില്ല - പഞ്ചായത്ത് വകുപ്പ് - വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ക്ലാർക്ക് തസ്തികയിൽ - നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ജി.ഒ(എം.എസ്) 45/91/ പി ആന്റ് എ.ആർ.ഡി, തീയ്യതി 30/12/91
2. സ.ഉ.(പി) നമ്പർ 79/09/ ഹോം തീയ്യതി 5/06/09.
3. സ.ഉ.(പി) നമ്പർ 41/10/ പി ആന്റ് എ.ആർ.ഡി, തീയ്യതി 14/10/10.
4. സ.ഉ.(പി) നമ്പർ 149/13/Fin. തീയ്യതി 03/04/13.
5. സ.ഉ.(പി) നമ്പർ 20/2011/ ഉ.ഭ.പ.വ.. തീയ്യതി 30/06/2011.
6. സ.ഉ.(എം.എസ്സ്) നമ്പർ 51/14/ത.സ്വ.ഭ.വ. തീയ്യതി 25/02/14.
7. സ.ഉ.(എം.എസ്സ്) നമ്പർ 51/14/ത.സ്വ.ഭ.വ. തീയ്യതി 25/02/14.
8. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കോഴിക്കോട് ജില്ലാ ഓഫീസറുടെ 03/06/2015 ലെ ഡി.വി (4) 1241/11 (1) നമ്പർ നിയമന ശുപാർശ.
9. പഞ്ചായത്ത് ഡയറക്ടറുടെ 28/07/2015 - ലെ ഇ 6-17360/13 നംപർ കത്ത്
10. പഞ്ചായത്ത് ഡയറക്ടറുടെ 11/03/2015 - ലെ ഇ 6-17360/13 നംപർ ഉത്തരവ്
11. പഞ്ചായത്ത് ഡയറക്ടറുടെ 24/03/2015 - ലെ ഇ 6-17360/13 നംപർ ഉത്തരവ്
12. ഈ ഓഫീസിലെ 10/08/2015 ലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ:- A1:01/2014 തീയ്യതി: 01/09/2015

മേൽ പരാമർശം (8) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലാ ഓഫീസർ, 9940 - 16580 രൂപ നിരക്കിൽ താഴെ പറയുന്ന ക്ലാർക്ക്മാർക്ക് കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിയമനം നൽകുന്നതിലേക്കായി ശുപാർശ ചെയ്തിട്ടുണ്ട്. 05/03/1974 ലെ സ.ഉ. (പി) നമ്പർ 49/74/പി.ഡി. ഉത്തരവിന് വിധേയമായി കെ.എസ്. ആന്റ് എസ്.എസ്.ആർ ചട്ടം ബാധകമാക്കി താഴെ പറയും പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു.

2015 മാർച്ച് വരെയുള്ള ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ സീനിയർ ക്ലർക്ക് തസ്തിക ഡീകേഡർ ചെയ്ത് ക്ലാർക്ക് തസ്തികയായി കണക്കാക്കി പരാമർശം (10) പ്രകാരവും 2015 ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിൽ ഉണ്ടാകാൻ ഇടയുള്ള ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി കണക്കാക്കി പരാമർശം (11) പ്രകാരവും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കാണ് പരാമർശം (8) പ്രകാരം 26 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുള്ളത്. ലഭ്യമായ അത്രയും ഉദ്യോഗാർത്ഥികൾക്ക് നീയമനം നൽകാൻ ഒഴിവുകൾ നിലവിലില്ലാത്ത സാഹചര്യം നിലനിൽക്കുകയും ആയതിന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (9) പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ഒഴിവുകളിൽ അഡ്വൈസ് സീനിയോറിറ്റി പ്രകാരം നിയമനം നൽകി ശേഷിക്കുന്നവർക്ക് ഒഴിവുകളുണ്ടാകുന്ന മുറക്ക് അഡ്വൈസ് സീനിയോറിറ്റി

പാലിച്ച് നിയമനം നൽകുന്നതിനാണ് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശം (12) പ്രകാരം ഇത്തരത്തിൽ രണ്ട് പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട് ശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് താഴെ പറയും പ്രകാരം നിയമനം നൽകുന്നു.

| ക്രമ നമ്പർ | പേര് മേൽവിലാസം | ജനന തീയ്യതി | വിദ്യാഭ്യാസ യോഗ്യത | പി.എസ്.സി ടേൺ | നിയമനം നൽകിയ ഓഫീസ് |
|---|---|---|---|---|---|
| 1 | ലിജീഷ്.എം<br>പ്രിക്കാച്ചാൽ<br>കുന്നുമ്മൽ<br>മൂത്തേരി<br>നീലേശ്വരം പോസ്റ്റ്<br>കോഴിക്കോട് 673572 | 11.01.1990 | എസ്.എസ്.എൽ.സി | OC | ചേളന്നൂർ ഗ്രാമ പഞ്ചായത്ത് |
| 2 | സൂരജ്.ഒ<br>ഓയഞ്ചേരി (ഹൗസ്)<br>മന്ദരത്തൂർ പോസ്റ്റ്<br>വടകര<br>കോഴിക്കോട് 673105 | 24.12.1975 | എസ്.എസ്.എൽ.സി | LPE | തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത് |
| 3 | ദിപിൻ രാജ്.പി<br>പാലോട്ടുമ്മൽ<br>നടുവണ്ണൂർ<br>കോഴിക്കോട് 673614 | 30.03.1989 | എസ്.എസ്.എൽ.സി | OC | കോട്ടൂർ ഗ്രാമ പഞ്ചായത്ത് |
| 4 | അനീഷ്മോൻ.കെ.എ<br>കല്ലയ്മൽ (ഹൗസ്)<br>കപ്പംകൊല്ലി<br>മേപ്പാടി പോസ്റ്റ്<br>വയനാട് 673577 | 28.02.1985 | എസ്.എസ്.എൽ.സി | Res | കൊടുവള്ളി ഗ്രാമ പഞ്ചായത്ത് |
| 5 | ഫാത്തിമ. കെ<br>മാഞ്ചേരി<br>തറവട്ടത്ത് (ഹൗസ്)<br>കുട്ടോത്ത് പോസ്റ്റ്<br>മേപ്പയ്യൂർ വഴി ആവള<br>കോഴിക്കോട് 673524 | 30.03.1986 | എസ്.എസ്.എൽ.സി | Res | തിക്കോടി ഗ്രാമ പഞ്ചായത്ത് (മെറ്റേണിറ്റി ലീവിൽ) |
| 6 | സിജു പീറ്റർ<br>ആരംചേരിൽ (ഹൗസ്)<br>എലഞ്ഞി പോസ്റ്റ്<br>എറണാകുളം<br>686665 | 15.04.1982 | എസ്.എസ്.എൽ.സി | Res | വാണിമേൽ ഗ്രാമ പഞ്ചായത്ത് |
| 7 | പ്രശാന്ത്.പി.വി<br>പാണ്ടികശാല വളപ്പിൽ<br>കണ്ണൂക്കര പോസ്റ്റ്<br>വടകര കോഴിക്കോട് 673102 | 23.05.1977 | എസ്.എസ്.എൽ.സി | Res | ആയഞ്ചേരി ഗ്രാമ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 8 | നിത്യ.സി<br>ചെറുവത്ത്<br>കടമേരി<br>വടകര<br>കോഴിക്കോട് 673542 | 23.03.1987 | എസ്.എസ്.എൽ.സി | OC | വളയം ഗ്രാമ പഞ്ചായത്ത് |
| 9 | സുജിത.എ<br>ചെമ്പരത്തി (ഹൗസ്)<br>നന്മണ്ട പോസ്റ്റ്<br>കോഴിക്കോട് 673613 | 30.05.1980 | എസ്.എസ്.എൽ.സി | Res | നരിപ്പറ്റ ഗ്രാമ പഞ്ചായത്ത് |
| 10 | ദിവ്യ.എ.സി.<br>ചാലിൽ (ഹൗസ്)<br>പൈത്തോത്ത്<br>പേരാമ്പ്ര പോസ്റ്റ്<br>കോഴിക്കോട് 673525 | 08.01.1988 | എസ്.എസ്.എൽ.സി | OC | മരുതോങ്കര ഗ്രാമ പഞ്ചായത്ത് |
| 11 | ജൂലി.ടി<br>മണക്കാട്ട് പറമ്പ ഹൗസ്<br>നമ്പർ 1/3004<br>നാരായണൻ നായർ റോഡ്,<br>വെസ്റ്റ്ഹിൽ പോസ്റ്റ്,<br>കോഴിക്കോട് 673005 | 04.05.1974 | എസ്.എസ്.എൽ.സി | OC | രാമനാട്ടുകര ഗ്രാമ പഞ്ചായത്ത് |
| 12 | ഷിബു.എസ്<br>വരുവിള വീട്<br>കക്കാമൂല<br>കല്ലിയൂർ പോസ്റ്റ്<br>തിരുവനന്തപുരം 695042 | 02.10.1976 | എസ്.എസ്.എൽ.സി | LPE | വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്ത് |
| 13 | സുജിത്ത്കുമാർ.എം.വി<br>മീത്തലെ വീട്ടിൽ<br>അവിടനല്ലൂർ<br>വാകയാട് പോസ്റ്റ്<br>നടുവണ്ണൂർ<br>കോഴിക്കോട് 673614 | 01.05.1988 | എസ്.എസ്.എൽ.സി | OC | ഉള്ള്യേരി ഗ്രാമ പഞ്ചായത്ത് |
| 14 | ജസിം .പി.കെ<br>പാലക്കാലിയിൽ<br>ചാലിക്കോട്<br>വലിയപറമ്പ് കോഴിക്കോട്<br>673572 | 30.05.1987 | എസ്.എസ്.എൽ.സി | Res | നന്മണ്ട ഗ്രാമ പഞ്ചായത്ത് |
| 15 | രഞ്ജിത്ത് .കെ<br>ശ്രീപുരം<br>മുത്തപ്പൻപാറ<br>ചേവായൂർ. പോസ്റ്റ്<br>കോഴിക്കോട് 673017 | 15.06.1974 | എസ്.എസ്.എൽ.സി | OC | പെരുവയൽ ഗ്രാമ പഞ്ചായത്ത് |
| 16 | ലിനീഷ്.എം<br>മഠത്തിൽ ഹൗസ്<br>ചേളന്നൂർ പോസ്റ്റ്<br>കോഴിക്കോട് 673616 | 16.04.1977 | എസ്.എസ്.എൽ.സി | Res | രാമനാട്ടുകര ഗ്രാമ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 17 | ബബിത.പി.<br>പാണർക്കണ്ടി<br>കാരപ്പറമ്പ്<br>കരുവിശ്ശേരി പോസ്റ്റ്<br>കോഴിക്കോട് 673010 | 01.03.1976 | എസ്.എസ്.എൽ.സി | OC | ചേളന്നൂർ ഗ്രാമ പഞ്ചായത്ത് |
| 18 | സൂരജ്. എൻ.കെ<br>വൃന്ദാവൻ (ഹൗസ്)<br>കുനിങ്ങാട് (പോസ്റ്റ്)<br>പുറമേരി വഴി<br>കോഴിക്കോട് 673503 | 14.04.1976 | എസ്.എസ്.എൽ.സി | Res | നാദാപുരം ഗ്രാമ പഞ്ചായത്ത് |
| 19 | ഷിബുമോൻ.എൻ.കെ<br>പാറോള്ളതിൽ<br>തട്ടോളിക്കര<br>ചോമ്പാല<br>വടകര കോഴിക്കോട് 673308 | 25.05.1975 | എസ്.എസ്.എൽ.സി | OC | ഏറാമല ഗ്രാമ പഞ്ചായത്ത് |
| 20 | ഷിജി.എം<br>മുണ്ടിയം പറമ്പത്ത് (ഹൗസ്)<br>പയിമ്പ്ര പോസ്റ്റ്<br>കുന്ദമംഗലം കോഴിക്കോട് 673571 | 20.05.1976 | എസ്.എസ്.എൽ.സി | Res | നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് |
| 21 | ജ്യോതി.സി താഴം<br>പുതുകുന്നത്ത്<br>കണ്ണോത്ത് പോസ്റ്റ്<br>കോടഞ്ചേരി കോഴിക്കോട് 673580 | 19.03.1976 | എസ്.എസ്.എൽ.സി | OC | തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത് |
| 22 | അനീസ്.പി.കെ<br>പടിഞ്ഞാട്ടിടത്ത് (ഹൗസ്)<br>പുന്നശ്ശേരി പോസ്റ്റ്<br>നരിക്കുനി<br>കോഴിക്കോട് 673585 | 01.06.1977 | എസ്.എസ്.എൽ.സി | LPE | മാവൂർ ഗ്രാമ പഞ്ചായത്ത് |
| 23 | ബിന്ദു.പി<br>പുതിയോട്ടിൽ (ഹൗസ്)<br>മായനാട്<br>കോഴിക്കോട് 673008 | 17.05.1976 | എസ്.എസ്.എൽ.സി | OC | മാവൂർ ഗ്രാമ പഞ്ചായത്ത് |
| 24 | ജിഷ.ഐ.പി<br>അദ്രുശ്ശേരി മീത്തൽ<br>കോക്കല്ലൂർ പോസ്റ്റ്<br>കോഴിക്കോട് 673612 | 31.05.1976 | എസ്.എസ്.എൽ.സി | OC | ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് |

മേൽ ജീവനക്കാരുടെ നിയമനത്തിനുള്ള അവരുടെ അർഹത പരിശോധിച്ച് ബോധ്യപ്പെടുന്നതിലേക്ക് താഴെ പറയുന്ന രേഖകളുടെ അസ്സൽ സഹിതം അവർ **പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ** ഓഫീസിൽ നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഹാജരാകേണ്ടതാണ്.

1. വയസ്സും, ജനനതീയ്യതിയും തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം.

2. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം

3. സ.ഉ.(പി).നമ്പർ 20/11/പി ആന്റ് എ.ആർ.ഡി, തീയ്യതി 30/06/11 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അസിസ്റ്റന്റ് സർജനിൽ താഴെയല്ലാത്ത മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള നിർദ്ദിഷ്ഠ ഫോറത്തിലുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.

4. നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് (ക്രമനമ്പർ 5, 6, 7, 14, 16, 18, 20).
5. ഒറിജിനൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് (4, 9)

**ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ നിയമനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച മുഴുവൻ രേഖകളുടേയും അസ്സൽ പരിശോധിച്ച്, സാധുത സ്വയം ഉറപ്പുവരുത്തേണ്ടതാണ്.**

ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയ്യതി മുതൽ, തുടർച്ചയായ മൂന്നു വർഷത്തിൽ രണ്ടു വർഷം പൂർത്തിയാകുന്നതുവരെയുള്ള കാലയളവ് നിരീക്ഷണ ഘട്ടമായി കണക്കാക്കുന്നതാണ്. ഒരു വർഷത്തിനുള്ളിൽ കെ.പി.ഇ.പി.എഫ്, ജി.ഐ.എസ്, എസ്.എൽ.ഐ എന്നിവയിൽ വരിക്കാരാകുന്നുണ്ടെന്ന് മേലധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

സദുദ്ദേശ പരമായ നിലയിലുള്ളതും, രേഖാപരമായി നിലനിൽക്കുന്നതുമായ ഏതെങ്കിലും, ജനനതീയ്യതി സംബന്ധിച്ച് തിരുത്തുന്നതിനുള്ള അപേക്ഷ, നിയമനം ലഭിച്ച് 5 വർഷത്തിനകം നൽകുന്നതിന് സർക്കാർ പരാമർശം (1) പ്രകാരം നിർദേശിച്ചിട്ടുണ്ട്. പരാമർശം (2) ൽ നിർദേശിച്ചത് പ്രകാരമുള്ള പോലീസ് വെരിഫിക്കേഷനുള്ള പ്രഫോർമ പൂരിപ്പിച്ച് ബന്ധപ്പെട്ട ഓഫീസ് മേലധികാരി മുഖേന ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. കെ.എസ് ആന്റ് എസ്.എസ്.ആർ നിർദ്ദേശം പാലിച്ച് നൽകിയ താത്കാലിക നിയമനം ക്രമവൽക്കരിക്കുന്നത് ജീവനക്കാരന്റെ സ്വഭാവവും കീഴ്നടപ്പും പരിശോധിച്ച് കേരള പബ്ളിക്ക് സർവീസ് കമ്മീഷന്റെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും. ജോലിയിൽ പ്രവേശിച്ച് ഒരാഴ്ചക്കകം ബന്ധപ്പെട്ട ജീവനക്കാരുടെ സേവന പുസ്തകം ജീവനക്കാരന്റെ നിയമനം ക്രമവൽക്കരിക്കുന്നതിലേക്കായി പരാമർശം (5) നിർദ്ദേശത്തിന് വിധേയമായി തയ്യാറാക്കേണ്ടതും, കേരള പി.എസ്.സി കോഴിക്കോട് ജില്ലാ ഓഫീസർക്ക് വെരിഫിക്കേഷന് സമർപ്പിക്കുന്നതിന് പ്രസക്തമായ പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. ജീവനക്കാരന്റെ ജോയിനിംങ്ങ് റിപ്പോർട്ട് സ്പാർക്ക് ഫോം –1 ൽ ശേഖരിച്ച് സേവന പുസ്തകത്തിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

സംസ്ഥാന സർവീസിൽ 01/04/2013 ന് ശേഷം നിയമിതരാവുന്ന മുഴുവൻ ജീവനക്കാർക്കും ദേശീയ പെൻഷൻ പദ്ധതി പരാമർശം (4) പ്രകാരം സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. അത്തരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കിയും ഉയർത്തിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അർഹതയുള്ള ഏതെങ്കിലും ജീവനക്കാരുണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് വിവിധ വകുപ്പുകളിലേക്കുള്ള പൊതു പട്ടികയിൽ നിന്ന് ആയതിനാൽ ഈ ഉത്തരവ് പ്രകാരം നിയമനം ലഭിച്ചിരിക്കുന്ന ഉദ്യോഗാർത്ഥികൾ, ഈ വകുപ്പിൽ തസ്തിക ഒഴിവില്ലാതാകുന്നത് കാരണം പിരിച്ചുവിടപ്പെടുകയാണെങ്കിൽ അത്തരം ഉദ്യോഗാർത്ഥികൾ തങ്ങളുടെ പേര് കോഴിക്കോട് ജില്ലാ പി.എസ്.സി ഓഫീസിൽ പുനർ രജിസ്റ്റർ ചെയ്ത് പി.എസ്.സിയിലൂടെ പുനർ

നിയമനത്തിന് വീണ്ടും ശുപാർശ ചെയ്യപ്പെടുകയോ, അല്ലെങ്കിൽ പഞ്ചായത്തു വകുപ്പിൽ പ്രബേഷണറായി തുടരാനാണ് ആഗ്രഹിക്കുന്നതെങ്കിൽ ഒഴിവ് വന്ന് പുനർ നിയമനം വരെ കാത്തിരിക്കുന്നതിന് തയ്യാറാണെന്ന വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്. (29.03.1990 ലെ ഗവ:സർക്കുലർ നമ്പർ: 3737/Rules 1/90/P&ARD, 15.02.1991 ലെ ജി.ഒ.(പി)7/91/ P&ARD എന്നിവ കാണുക)

ഈ നിയമനങ്ങൾ 2016 ലെ പൊതുസ്ഥലം മാറ്റത്തിന് വിധേയമായി ക്രമീകരിക്കപ്പെടാവുന്നതാണ്.

(ഒപ്പ്)
സുരേന്ദ്രൻ. എൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്.

വ്യക്തികൾക്ക് (മടക്ക രശീതി സഹിതമുള്ള റജി. തപാൽ)

പകർപ്പ്:-

1. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക്
2.. പഞ്ചായത്ത് ഡയറക്ടർ (ഉപരിപത്രം സഹിതം)
3. കോഴിക്കോട് ജില്ലാ പി.എസ്.സി. ഓഫീസർ (ഉപരിപത്രം സഹിതം)
4.. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം (ഉപരിപത്രം സഹിതം)
5. എല്ലാ പെർഫോൻസ് ഓഡിറ്റ് സൂപ്പർ വൈസർമാർക്കും
6. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ മേശപ്പുറം

കരുതൽ/അധികം.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്